മെട്രോ വാർത്ത

15 August 2026

കടലിനടിയിൽ കോറൽ വർണ വിസ്മയം!

കൊച്ചി: സ്വാതന്ത്ര്യ ദിനാഘോഷത്തിനിടെ കടലിനടിയിൽ ത്രിവർണ വിസ്മയം തീർത്ത് ലക്ഷദ്വീപിലെ മിനിക്കോയ് ദ്വീപിൽ പവിഴജീവികളുടെ (കോറൽ) സംഗമം.

കേന്ദ്ര സമുദ്രശാസ്ത്ര ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) സമുദ്രസമ്പത്തിന് സർവേയ്ക്കിടയിലാണ് കടലിനടിയിലെ ദൃശ്യം ശ്രദ്ധയിൽപ്പെട്ടത്. ചിത്രകാരന്റെ കൈവിരുതിനെ വെല്ലുന്ന രീതിയിൽ ഓറഞ്ച്, വെള്ള, പച്ച നിറങ്ങളിൽ രണ്ട് തരം കോറലുകൾ ചേർന്ന് നിൽക്കുന്ന ദൃശ്യം സിഎംഎഫ്ആർഐയിൽ റിസർച്ച് സ്കോളറായ ആൽവിൻ ആന്റോയാണ് ക്യാമറയിൽ പകർത്തിയത്.



കാലാവസ്ഥാ വ്യതിയാനം ആവാസവ്യവസ്ഥയെ ബാധിക്കുന്നതിന്റെ ചിത്രം.

ദൃശ്യംഭംഗിയുള്ളതാണെങ്കിലും കാലാവസ്ഥാ വ്യതിയാനം സമുദ്ര ആവാസവ്യവസ്ഥയിലുണ്ടാക്കുന്ന ആഘാതത്തിന്റെ നേർചിത്രമാണിതെന്നാണ് സിഎംഎഫ്ആർഐ ഗവേഷകർ പറയുന്നത്. 'ലോബോഫില്ലിയ കൊറിംബോസ', 'ലോബോഫില്ലിയ ഹെമിയൻസ്' എന്നീ ഇനത്തിൽപ്പെട്ട പവിഴജീവികളുടെ കൂട്ടമാണ് ഒരുമിച്ച് വളർന്ന് ഈ മുവർണങ്ങൾ തീർത്തിരിക്കുന്നത്. ഓറഞ്ച് നിറത്തിൽ കാണപ്പെടുന്നത് ലോബോഫില്ലിയ കൊറിംബോസ എന്ന ഇനവും, വെള്ളയും പച്ചയും നിറങ്ങളിൽ ലോബോഫില്ലിയ റേഡിയൻസുമാണ്.

സമുദ്ര താപനില ഉയർന്നതിനെ തുടർന്ന് ലോബോഫില്ലിയ റേഡിയൻസ് ഇനത്തിൽപ്പെട്ട ഒരു കോറൽ 'ബ്ലീച്ചിങ്' സംഭവിക്കുകയും (പവിഴപ്പുറ്റുകൾക്ക് നിറം നഷ്ടപ്പെടുന്ന അവസ്ഥ) വെള്ളത്ത നിറത്തിലാകുകയും ചെയ്തു. എന്നാൽ തൊട്ടടുത്തുതന്നെ വളരുന്ന അതേ ഇനത്തിൽപ്പെട്ട മറ്റൊരു കോറൽ കൂട്ടം താപനിലയെ പ്രതിരോധിച്ച് പച്ചനിറത്തിൽ ആരോഗ്യത്തോടെ നിലനിൽക്കുന്നു. ഒരേ ആവാസവ്യവസ്ഥയിൽ വളരുന്ന ജീവികളിൽ കാണപ്പെടുന്ന ഈ പ്രതിരോധശേഷിയും ബ്ലീച്ചിനെതിരെയും ശാസ്ത്രലോകത്തിന് കാലാവസ്ഥാ പഠനത്തിൽ ഏറെ നിർണായകമാണ്.

ഇന്ത്യയുടെ സമ്പന്നമായ സമുദ്ര ജൈവവൈവിധ്യത്തിന്റെ പ്രതീകമാണ് ഈ കാഴ്ചയെങ്കിലും, സമുദ്രത്തിന്റെ ആരോഗ്യത്തെക്കുറിച്ചുള്ള വലിയൊരു മുന്നറിയിപ്പ് കൂടിയാണ് ഈ ചിത്രമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

ഉയർന്ന താപനില കാരണം മെയിനത്തിൽപ്പെട്ട കോറലുകളിലൊന്ന് ബ്ലീച്ചിങ്ന് വിധേയമാകുകയും മറ്റൊന്ന് അതിനെ പ്രതിരോധിച്ച് ആരോഗ്യത്തോടെ നിന്നിൽക്കുകയും ചെയ്യുന്നത് താവിയിലെ പവിഴപ്പുറ്റ് (കോറൽ റീഫ്) പുനരുജ്ജീവന ഗവേഷണങ്ങൾക്ക് വലിയ തിരിയിൽ പ്രയോജനപ്പെടും. കാലാവസ്ഥാ ർക്കണിയെ ചെറുക്കാൻ കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ സിഎംഎഫ്ആർഐ കടലിനടിയിൽ കൃത്രിമ പാറുകൾ (ആർട്ടിഫിഷ്യൽ റീഫ്) സ്ഥാപിക്കുന്ന പദ്ധതി വേഗത്തിലാക്കി വരുകയാണ്. തകർച്ച നേരിട്ട ആവാസവ്യവസ്ഥ പുനരുജ്ജീവിപ്പിക്കാനും സമുദ്ര ജൈവവൈവിധ്യം വർധിപ്പിക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം സംരക്ഷിക്കാനും ഇത് സഹായിക്കും.

ഇതോടൊപ്പം വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ പ്രജനനം, വിത്തുത്പാദനം, ഇവയെ കടലിൽ നിക്ഷേപിക്കൽ (സീഡിങ്ങ്) തുടങ്ങിയ പദ്ധതികളും പുരോഗമിക്കുകയാണ്.

ഇന്ത്യയുടെ 80ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന വേളയിൽ, സമുദ്ര ആവാസവ്യവസ്ഥകളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഓർമപ്പെടുത്തുന്നതാണ് ഈ ചിത്രമെന്നും അദ്ദേഹം പറഞ്ഞു.